നിർമ്മാണം പൂർത്തീകരിക്കുന്നതനുസരിച്ച് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

24. ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രിയായി ഉയർത്തൽ

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ഒന്നിലേറെ തവണ ഒരേ വിഷയത്തിൽ സബ്മിഷൻ അവതരിപ്പിക്കേണ്ടി വന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൊഴിക്കര ആയുർവ്വേദ ആശുപത്രിയിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. ആ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്നുള്ളതായിരുന്നു മുന്നയിച്ച സബ്മിഷനിലെ ആവശ്യം. ഇന്നും ആ ആവശ്യംതന്നെ ആവർത്തിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ വിവിധ പരിപാടികൾക്ക് വന്ന അവസരത്തിൽ രണ്ടുതവണ പൊതുവേദിയിൽവച്ച് മന്ത്രിക്കുതന്നെ പ്രഖ്യാപനം നടത്താൻ അവസരം ലഭിച്ചിട്ടുള്ളതാണെന്ന കാര്യം ബഹുമാന്യനായ മന്ത്രി ഓർക്കുന്നുണ്ടാകും. പക്ഷെ തുടർനടപടികൾ ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിന്റെയും ആയുർവ്വേദ ഡിപ്പാർട്ടുമെന്റിന്റെയും ഭാഗത്തുനിന്നും പോസിറ്റീവായിട്ടുള്ള സമീപനമുണ്ടായിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് അനുകൂലമായിട്ടുള്ള ശിപാർശയോടുകൂടി ഈ വിഷയം Indian Systems of Medicine Directorate-ൽ ബി$_2$/19173/12 നമ്പരായ ഫയൽ എല്ലാ റിപ്പോർട്ടുകളുംസഹിതം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. സർക്കാർ സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്, 27825 ഡി1/14/ആ.കു.വ. ഇത്രയൊക്കെ അനുകൂലമായ ശിപാർശ സഹിതം ഒരു വർഷമായി ഈ ഫയൽ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെങ്കിലും ധനകാര്യ വകുപ്പ് അക്കാര്യത്തിൽ തടസ്സം നിൽക്കുന്നുവെന്നാണ് അറിയാൻ സാധിച്ചത്. ഒരു മന്ത്രിയുടെ ഓഫീസിൽനിന്നും മന്ത്രിയുടെ താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ, നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഒരു ഫയൽ ഒറിജിനേറ്റ് ചെയ്ത് ധനകാര്യ വകുപ്പിൽ ചെല്ലുമ്പോൾ അവിടത്തെ അണ്ടർ സെക്രട്ടറി തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനാണ് അത് ക്യാൻസൽ ചെയ്യുന്നത്. നിഷേധാത്മകമായ സമീപനം സ്വീകരിച്ച് ആ ഫയൽ മടക്കുകയാണ്. ഒരു മന്ത്രി ഒറിജിനേറ്റ് ചെയ്ത ഫയൽ ഒരു അണ്ടർ സെക്രട്ടറി മടക്കുന്നൊരു സമീപനം ദൗർഭാഗ്യകരമാണ്. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന സാഹചര്യത്തിൽ ബഹുമാന്യനായ മന്ത്രിയും മുഖ്യമന്ത്രിയും കൂടിയാലോചിച്ച് ഇക്കാര്യത്തിൽ അനുകൂലമായിട്ടുള്ള ഒരു തീരുമാനമുണ്ടാക്കാൻ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം എന്റെ മണ്ഡലത്തിലെ ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിക്കുന്നകാര്യവും ഞാൻ സൂചിപ്പിച്ചിട്ടുള്ളതാണ്. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സൗജന്യമായി ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്ന കേരളത്തിലെ ഏകകേന്ദ്രമാണ് ചാലിശ്ശേരി സി.എച്ച്.സി. അവിടെ കൂടുതൽ പോസ്റ്റിംഗ് നടത്തിയാൽ കൂടുതൽ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും. എം.എൽ.എ., എൻ.ആർ.എച്ച്.എം., എം.പി. ഫണ്ടുകളൊക്കെ (ഏകദേശം 75 ലക്ഷത്തോളം) ഉപയോഗിച്ച് ഡയാലിസിസ് സെന്റർ ആരംഭിച്ചുവെങ്കിലും ഒരു ഷിഫ്റ്റ് മാത്രമാണ് അവിടെ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നത്. ഇത്രയധികം ഇൻവെസ്റ്റുമെന്റ് നടത്തി രോഗികൾ കാത്തിരിക്കുമ്പോൾ ഒരു ഷിഫ്റ്റ് കൂടി പ്രവർത്തിപ്പിക്കാൻ സാധിച്ചാൽ ഒരുപാടാളുകൾക്ക് അതിന്റെ പ്രയോജനം കിട്ടും. അവിടേയ്ക്കുവേണ്ട അഡ്മിഷണലായിട്ടുള്ള തസ്തികകൾ അനുവദിച്ചതുപോലും മറ്റു ആശുപത്രികളിലേയ്ക്ക് കൊടുക്കുകയാണ്. അതുകൊണ്ട് അവിടെ അനുവദിച്ച തസ്തികകൾ നിലനിർത്തുകയും തിരിച്ചുകൊണ്ടുവരികയും കൂടുതലായി ആവശ്യമുള്ള തസ്തികകൾ എൻ.ആർ. എച്ച്. എം. വഴിയോ മറ്റേതെങ്കിലും തരത്തിലുള്ള വർക്ക് അറേഞ്ച്മെന്റ്വഴിയോ ഏർപ്പെടുത്തി രണ്ടാമത്തെ ഷിഫ്റ്റ് കൂടി ആരംഭിച്ച് പാവപ്പെട്ട രോഗികൾക്ക് ആ സൗകര്യം പ്രയോജനകരമാക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റ് തലത്തിൽനിന്നും എത്രയും പെട്ടെന്നുണ്ടാകണമെന്ന അഭ്യർത്ഥനയാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ അടിയന്തരമായ തീരുമാനം എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, കൊഴിക്കര ആയുർവ്വേദ ഡിസ്പെൻസറിയെ 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തി കിടത്തി ചികിത്സാ വിഭാഗം ആരംഭിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ഇവിടെ സൂചിപ്പിച്ചതുപോലെ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചു. സാമ്പത്തികമായി പ്രശ്നങ്ങളുണ്ടായതുകൊണ്ട് അതേറ്റെടുക്കാൻ കഴിയില്ലായെന്ന് ധനകാര്യ വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്. വീണ്ടും അത് അയച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കാം. ഞാനവിടെ പോയിരുന്നതാണ്. അവിടെയൊരു ആശുപത്രിയുടെ ആവശ്യകത നിലനിൽക്കുന്നുവെന്നത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അവിടെവച്ച് വാഗ്ദാനം നൽകിയിരുന്നത്. അതിനുവേണ്ട നടപടികൾ സ്വീകരിക്കും. അതോടൊപ്പം ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡയാലിസിസ് സെന്റർ ബഹുമാനപ്പെട്ട വി.റ്റി. ബൽറാമിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ജനങ്ങൾക്ക് വളരെയധികം പ്രയോജനമുള്ള ഒരു സംരംഭമാണ്. സംസ്ഥാനതലത്തിൽ 27. താലൂക്കാശുപത്രികളിൽ കാരുണ്യ ബെനവലന്റ്

ഫണ്ടിന്റെ പ്രയോജനം ഉൾക്കൊള്ളിച്ചുകൊണ്ട് ഡയാലിസിസ് സെന്റർ തുടങ്ങുന്നു. കൂടുതൽ സ്റ്റാഫിനെ നിയമിക്കേണ്ട ഒരു പ്രൊപ്രോസൽ അതിന്റെ കൂടെയുണ്ട്. അതോടൊപ്പം ഈ സി.എച്ച്.സി.-യും ഉൾപ്പെടുത്തി അഡീഷണലായിട്ടുള്ള തസ്തികകൾ നൽകുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

V റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2015 -ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2015 -ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

3. 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. സണ്ണി ജോസഫ്: സർ, 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

4. 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly